(ഇ) കുമളി വഴി വരുന്ന ശബരിമല തീർത്ഥാടകർക്ക് കുറഞ്ഞ ദൂരത്തിൽ പമ്പയിലെത്താൻ കഴിയുന്ന പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(എഫ്) ഇടുക്കി, പത്തനംതിട്ട ജില്ലകളുടെ കിഴക്കൻ മലയോര ടൂറിസം പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഈ പാതയുടെ അറ്റകുറ്റപ്പണിയോ, റീടാറിങ്ങോ നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 70.58 കി.മീ.

(ഡി) 599 ലക്ഷം രൂപ.

(ഇ) വനാതിർത്തിയിൽ കൂടി കടന്നുപോകുന്ന ഭാഗം വനം വകുപ്പിന്റെ തടസ്സം മൂലമാണ് ഗതാഗതയോഗ്യമാക്കാൻ കഴിയാത്തത്. വനാതിർത്തിയിൽപ്പെടാത്ത ഭാഗം ഗതാഗതയോഗ്യമാണ്.

(എഫ്) ഇടുക്കി ഡിവിഷന്റെ കീഴിലുള്ള 20 കി. മീ. റോഡിൽ ആദ്യത്തെ 8 കി. മീ. പാച്ച് വർക്ക് ചെയ്യുന്നതിനുള്ള നടപടിയും അടുത്ത 6 കി. മീ. ടാറിംഗിനുള്ള എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ബാക്കിയുള്ള 6 കി. മീ. പുനരുദ്ധാരണത്തിനുള്ള ബഡ്ജറ്റ് വർക്ക് അറേഞ്ച് ചെയ്തിട്ടുണ്ട്. പത്തനംതിട്ട ഡിവിഷന്റെ കീഴിൽ വരുന്ന 58/500 മുതൽ 70/500 വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണത്തിനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 25/00 മുതൽ 70/500 വരെയുള്ള ഭാഗത്തിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള മറ്റൊരു നിർദ്ദേശവും പരിഗണനയിലുണ്ട്.

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ കാലവർഷത്തിൽ തകർന്ന റോഡുകൾ

269 [2325] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ കാലവർഷക്കെടുതിയിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ ഏത്ര റോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തീർന്നു;

(ബി) പ്രസ്തുത റോഡുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തകർന്ന റോഡുകൾ പുനരുദ്ധരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി)) ചാവക്കാട്-വടക്കാഞ്ചേരി റോഡ് 19/015 മുതൽ 31/015 വരെയും വാഴാനി റോഡിൽ കി. മീ. 0/200-ലെ പാലവും ആദ്യ കിലോമീറ്റർ റോഡും ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾ

270 [2326] ശ്രീ. ടി. കെ. ദേവകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നത്;

(ബി) ഓരോ റോഡിന്റേയും അറ്റകുറ്റപ്പണി ഏത് ഘട്ടത്തിലെത്തി എന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ പണികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട താഴെപ്പറയുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിച്ചുവരുന്നു.

1. ഹരിപ്പാട്-ആയാപറമ്പ് റോഡ് കി. മീ. 0/00 മുതൽ 3/800 വരെയുള്ള പുനരുദ്ധാരണ പണികൾ.

2. തൃക്കുന്നപ്പുഴ ജംഗ്ഷനിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായുള്ള ഓട നിർമ്മാണം.

3. ഹരിപ്പാട് റ്റി.ബി. ജംഗ്ഷൻ മണ്ണാറശ്ശാല വഴി ഡാണാപ്പടി റോഡിന്റെ കി.മീ. 0/00 മുതൽ 2/00 വരെയുള്ള അറ്റകുറ്റപ്പണികൾ.

4. മുട്ടം-പള്ളിപ്പാട് റോഡിന്റെ അറ്റകുറ്റപ്പണികൾ.

5. കായംകുളം-മുട്ടം റോഡിന്റെ കി.മീ. 6/00 മുതൽ 8/00 വരെയുള്ള അറ്റകുറ്റപ്പണികൾ.

LIBRARY ARCHIVES Kerala Legislative Assembly